വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത്

ഗവ: യു പി സ്കൂൾ

# കരിങ്ങാരി



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# ആമുഖം

വിദ്യാർത്ഥിയുടെ സമഗ്ര വികാസം ആണല്ലോ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂളിന്റെ ഭൗതികവും സാമൂഹികവും സാംസ്കാരികവും വൈജ്ഞാനികവുമായ സാഹചര്യങ്ങൾ പരിഗണിച്ച് പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതിനായി 2025-26 അധ്യയനവർഷത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കരിങ്ങാരി ഗവൺമെന്റ് യുപി സ്കൂളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികളെയും മികവിലേക്കെത്തിക്കുന്നതിനായി, സമയബന്ധിതമായി നിർവഹിക്കാനുള്ള പ്രവർത്തന പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

കുട്ടിയെ ഒരു യൂണിറ്റായി പരിഗണിച്ച് പ്രവർത്തനമേഖലകൾ കണ്ടെത്തുകയും സൂക്ഷ്മതല ആസൂത്രണം നടത്തുകയും ചെയ്തു. ഭാഷ (മലയാളം,ഇംഗ്ലീഷ്, ഹിന്ദി, അറബിക്, ഉറുദു), ഗണിതം, സാമൂഹ്യ ശാസ്ത്രം, അടിസ്ഥാനശാസ്ത്രം കലാ വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം , ആരോഗ്യ കായിക വിദ്യാഭ്യാസം എന്നീ മേഖലകളെയും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ രൂപപ്പെടേണ്ട സാമൂഹികാവബോധത്തെ മുൻനിർത്തി ലഹരി വിരുദ്ധം, പൊതുമുതൽ സംരക്ഷണം, ഡിജിറ്റൽ അച്ചടക്കം, റോഡു നിയമങ്ങൾ,ആരോഗ്യ സുരക്ഷ തുടങ്ങിയ സാമൂഹിക മേഖലകളേയും ഉൾപ്പെടുത്തിയാണ് പ്രസ്തുത മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഓരോ പ്രവർത്തനത്തിന്റെയും ചുമതലകൾ വിഭജിക്കുക വഴി അധ്യാപക-രക്ഷാകർത്തൃ - അനധ്യാപകരുടെ സംയുക്ത പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ അക്കാദമിക മേഖല ഉയർച്ചയുടെ പടവുകൾ താണ്ടി മുന്നേറും എന്ന് പ്രതീക്ഷിക്കുകയാണ്.

# തിരിഞ്ഞ് നോക്കുമ്പോൾ

വെള്ളമുണ്ട പഞ്ചായത്തിലെ കരിങ്ങാരിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ അപ്പർ പ്രൈമറി വിദ്യാലയമാണ് ഗവൺമെൻറ് യുപി സ്കൂൾ കരിങ്ങാരി.മനോഹരവും ഹരിതാഭവും ആയ വിദ്യാലയ പരിസരം കരിങ്ങാരി ഗവൺമെൻറ് യുപി സ്കൂളിനെ ഏവർക്കും പ്രിയപ്പെട്ടതാക്കുന്നു.

1925 മെയ് മാസത്തിൽ ആണ് കരിങ്ങാരി സ്കൂൾ ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. മഴവന്നൂർ വലിയ ഇല്ലത്തെ കുട്ടികളെ പഠിപ്പിക്കുന്നതിനായി പൂമുഖത്തിൽ കുടിപ്പള്ളിക്കൂടമാണ് കരിങ്ങാരി സ്കൂളിന്റെ ആദ്യ രൂപം . ഇല്ലത്തെ അന്നത്തെ കാരണവരും അംശാധികാരിയും ആയിരുന്ന ഗോവിന്ദൻ എമ്പ്രാന്തിരി ആയിരിന്നു ഇതിനു മേൽകൈ എടുത്തത്. പിന്നീട് പ്രദേശവാസികളുടെ സഹകരണത്തോടെ മഴവന്നൂർ കുന്നിലെ പുല്ലു മേഞ്ഞ ഷെഡിൽ കുറച്ചു വർഷം ഈ വിദ്യാലയം പ്രവർത്തിച്ചു വന്നു . ഗോവിന്ദൻ നായർ ആയിരുന്നു അന്ന് അധ്യാപകൻ ആയി പ്രവർത്തിച്ചത്. മഴവന്നൂർ കുന്നിലെ സ്കൂള് ഷെഡ് വലിയ കാറ്റിലും മഴയിലും നിലം പതിച്ചതോടെ സ്കൂളിന്റെ നിലനിൽപ്പ് അപകടത്തിലായി.പാലിയാണ വട്ടോളി വീട്ടിലെ മുകൾ തട്ടിലായിരുന്നു തുടർന്ന് സ്കൂൾ നടത്തപ്പെട്ടത്.വട്ടോളി വീടിന്റെ മുകൾ തട്ടിന് സ്കൂളിന്റെ ഭാരം സഹിക്കവയ്യാതെയായി.ഏറെ കൂടിയാലോചനക്ക് ശേഷം ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്നതിന്റെ അടുത്ത പറമ്പിൽ ഒരു കെട്ടിടം ഉണ്ടാക്കാൻ തീരുമാനമായി.മേനോൻ നമ്പീശൻ എന്നറിയപ്പെട്ടിരുന്ന ശ്രീ.പനങ്കുറ്റി കേശവൻ നമ്പീശന്റെ നേതൃത്വത്തിലായിരുന്നു ആ തീരുമാനം.ആദ്യത്തെ കെട്ടിടം നിർമ്മിച്ചത് സ്വാതന്ത്ര്യ സമര സേനാനിയും പൊതുപ്രവർത്തകനുമായിരുന്ന ശ്രീ പനങ്കുറ്റി കേശവൻ നമ്പീശനായിരുന്നു.ശ്രീ.സി.ടി ഗോവിന്ദൻ നായർ,ശ്രീ വട്ടോളി അനനന്തൻ നായർ,തേനോത്തുമ്മൽ ഉണ്ണിനായർ എന്നിവർ അദ്ദേഹത്തിന് ശക്തമായ പിന്തുണ നല്കി.കുറച്ച് ബെഞ്ചുകളും ബോർഡുകളുമല്ലാതെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലായിരുന്നുവെങ്കിലും സ്കൂളിന്റെ അസ്തിത്വം വീണ്ടെടുക്കപ്പെട്ടു.

1956 വരെ ഇത് LP സ്കൂൾ ആയിരുന്നു .അന്നത്തെ കാലത്തു അഞ്ചാം ക്ലാസ് വരെ എൽ പി വിഭാഗത്തിൽ പെട്ടതായിരുന്നു. 1986 ൽ UP സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 6,7,8 ക്ലാസുകളായിരുന്നു യു പി വിഭാഗത്തിൽ ഉണ്ടായിരുന്നത് .

രക്ഷിതാക്കളുടെയും നാട്ടുകാരുടെയും അക്ഷീണപ്രയത്നത്തിന്റെ ഫലമായി പിന്നീട് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അനുബന്ധ സൗകര്യങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.വിവിധ സർക്കാർ ഏജൻസികൾ കാലാകാലങ്ങളിൽ വിദ്യാലയത്തിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾക്കുള്ള സഹായസഹകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പ്രീ പ്രൈമറി മുതൽ ഏഴാം തരം വരെ 350 കുട്ടികൾ കരിങ്ങാരി ഗവൺമെൻറ് യുപി സ്കൂളിൽ പഠനം നടത്തിവരുന്നു.ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ രണ്ട് ഡിവിഷനുകൾ വീതമാണ് ഉള്ളത്.

# അവസ്ഥാ വിശകലനം



1925 ൽ പ്രവർത്തനം ആരംഭിച്ച വിദ്യാലയമാണ് ഗവൺമെൻറ് യുപി സ്കൂൾ കരിങ്ങാരി.നിലവിൽ ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി മുതൽ ഏഴാം തരം വരെ 350 കുട്ടികളാണ് പഠനം നടത്തുന്നത്.പല കാലങ്ങളിലായി നിർമ്മിച്ച ആറ് കെട്ടിടങ്ങളിലായി പതിനൊന്ന് ക്ലാസ് മുറികൾ ആണുള്ളത്.കൂടാതെ രണ്ട് കെട്ടിടങ്ങളുടെ മുകളിലായി ഷീറ്റ് മേഞ്ഞ ഒരു ഹാളും നിലവിലുണ്ട്.ക്ലാസ് മുറികളായി ഉപയോഗിക്കാൻ ആവശ്യത്തിന് സൗകര്യപ്രദമായ മുറികൾ ഇല്ലാത്തതിനാൽ പൊതു ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള സ്റ്റേജിലാണ് ഒരു ക്ലാസ് പ്രവർത്തിക്കുന്നത്.വായനാമുറി ,ലബോറട്ടറി ,കമ്പ്യൂട്ടർ ലാബ് ,സ്പോർട്സ് റൂം ,സിക്ക് റൂം തുടങ്ങിയവയൊന്നും തന്നെ വിദ്യാലയത്തിൽ നിലവിലില്ല.കുട്ടികൾക്ക് കളിക്കാനായി ചെറിയൊരു കളിസ്ഥലം ലഭ്യമാണ്.ധാരാളം മരങ്ങൾ നിറഞ്ഞതും മനോഹരമായ ഇരിപ്പിടങ്ങൾ ഒരുക്കിയതും ആയ കളിമുറ്റം വിദ്യാലയത്തിന്റെ ആകർഷണീയതയാണ്.

ധാരാളം അസൗകര്യങ്ങൾ ഉണ്ടെങ്കിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽകരിങ്ങാരി ഗവൺമെൻറ് യുപി സ്കൂളിലെ കുട്ടികൾ എപ്പോഴും മുൻപന്തിയിൽ തന്നെയുണ്ട്.എൽ എസ് എസ് യു എസ് എസ് മറ്റ് മത്സരപരീക്ഷകൾ എന്നിവയിൽ എല്ലാം കുട്ടികൾ വിജയം നേടി വരുന്നു.കുട്ടികൾക്കായി ഉപജില്ലാതലത്തിലും ജില്ലാതലത്തിലും സംഘടിപ്പിക്കുന്ന വിവിധ മേളകളിലും മത്സരങ്ങളിലും മികച്ച പങ്കാളിത്തവും വിജയവും കരിങ്ങാലി ഗവൺമെൻറ് യുപി സ്കൂളിലെ കുട്ടികൾ കരസ്ഥമാക്കാറുണ്ട്.

ഭാവിയിലേക്ക്

## ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ



ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ് മുറികൾ

ലൈബ്രറി

ലബോറട്ടറികൾ

കമ്പ്യൂട്ടർ ലാബ്

ആക്ടിവിറ്റി റൂം

സ്പോർട്സ് ഉപകരണങ്ങളും കളിസ്ഥലവും

പ്രീ പ്രൈമറി വിഭാഗത്തിന് ആവശ്യമായ സൗകര്യങ്ങളോടുള്ള കെട്ടിടം

വൃത്തിയുള്ള ശുചിമുറികൾ

ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് റൂം

അധ്യാപകർക്ക് കുട്ടികളുടെ ഉത്പന്നങ്ങളും പഠന ഉപകരണങ്ങളും

സൂക്ഷിക്കാനും

സംരക്ഷിക്കാനും ഉതകുന്ന രീതിയിലുള്ള സ്റ്റാഫ് റൂം

അടുക്കളയും ഭക്ഷണ ഹാളും

പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഓഡിറ്റോറിയം

# സമഗ്ര ഗുണമേന്മാ വർഷം

# പ്രതീക്ഷിത നേട്ടങ്ങൾ

1. പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ ഒരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടി എന്ന് ഉറപ്പ് വരുത്തുക.

2.മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ കുട്ടികളിൽ വളരുന്നു എന്ന് ഉറപ്പ് വരുത്തുന്നു.

3.എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരം ഒരുക്കുക.

4.കുട്ടികളുടെ പഠന നില കാലാകാലങ്ങളിൽ പരിശോധിക്കുകയും പിന്തുണ ഉറപ്പാക്കുകയും ചെയ്യുക.

5.മലയാളത്തോടൊപ്പം ഹിന്ദി ഇംഗ്ലീഷ് എന്നിവയിലും കുട്ടികൾ പ്രാവീണ്യം നേടുന്നു എന്ന് ഉറപ്പാക്കുക.

6.ആരോഗ്യപരമായ സ്ത്രീപുരുഷബന്ധം, തുല്യ നീതി ലിംഗ സമത്വം എന്നിവ സംബന്ധിച്ച കാഴ്ചപ്പാട് വളർത്തുക.

7.ദിനാചരണങ്ങളെ പഠന ലക്ഷ്യങ്ങളുമായി ഉൾച്ചേർക്കുക.

8.പഠനത്തെ പരിസരബന്ധിയാക്കുക; അതിനുതകും വിധം വിദ്യാലയ ചുറ്റുപാട് വികസിപ്പിക്കുക.

9.പരിസ്ഥിതി അവബോധം, ശാസ്ത്രീയ ചിന്ത മാലിന്യനിർമാർജന അവബോധം, എന്നിവ വികസിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

10.പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് മികച്ച അവസരങ്ങൾ ഉറപ്പാക്കുക.

11.കുട്ടിയെ ഒരു യൂണിറ്റായി കണ്ട് സമഗ്രപുരോഗതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

12.മൂല്യനിർണയ പ്രവർത്തനങ്ങൾ നവീകരിക്കുകയും കുട്ടികൾക്ക് പിന്തുണ ഉറപ്പാക്കാനുള്ള ഉപാധിയായി വളർത്തുകയും ചെയ്യുക; തുടർച്ചയുള്ള മെൻററിംഗ് ലഭ്യമാക്കുക.

13.മാറുന്ന കാലഘട്ടം ആവശ്യപ്പെടുന്ന മൂല്യനിർണയ രീതികൾ ആവികരിച്ച് നടപ്പിലാക്കുക. ഗ്രൂപ്പ് ഡിസ്കഷൻ, മൾട്ടിപ്പിൾ ചോയ്സ് പരീക്ഷ, പ്രോജക്ടുകളുടെ നടത്തിപ്പ്, നൂതന ആശയങ്ങളുടെ അവതരണവും പ്രായോഗികവൽക്കരണവും, ഇൻറർവ്യൂ മാ മാതൃകയിലുള്ള പരിക്ഷകൾ എന്നിവയെല്ലാം പരിചിതമാക്കുക.

14.പുതിയ സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിൽ അധ്യാപകരുടെ മികവ് വർദ്ധിപ്പിക്കുകയും പഠനപ്രവർത്തനങ്ങളിൽ അവയുടെ പിന്തുണ ഉറപ്പാക്കുകയും ചെയ്യുക.

15.കുട്ടികളിൽ അനഭിലഷണീയമായ പ്രവണതകൾ വളരുന്നത് ഉറപ്പാക്കുകയും കുട്ടികളുടെയും വിദ്യാലയത്തിൻ്റെയും സുരക്ഷ ഉറപ്പ് വരുത്തുകയും ചെചെയ്യുക.

16.ജനകീയ പിന്തുണ ഉറപ്പാക്കു കയും വിദ്യാലയത്തിന് ബയോ ബബിൾ സംരക്ഷണം ഏർപ്പാടാക്കുകയും ചെയ്യുക.

17.പ്ലാസ്റ്റിക് രഹിത -ഹരിത - ശുചിത്വ വിദ്യാലയം സാധ്യമാക്കുക.

18.വിദ്യാലയ നേട്ടങ്ങൾ സമൂഹത്തെ യഥാസമയം ബോധ്യപ്പെടുത്തുക.

ഗവ: യു പി സ്കൂൾ കരിങ്ങാരി

# INNOVATIVE SCHOOL

## ശാസ്ത്ര വിദ്യാലയം



## വീട്ടിലൊരു ശാസ്ത്രജ്ഞൻ
## നാട്ടിലാകെ ശാസ്ത്രജ്ഞർ

**2025-2026**

# ആമുഖം

വിദ്യാഭ്യാസ പുരോഗതിക്കും സാക്ഷരതയ്ക്കും പേരു കേട്ട നാടാണ് കേരളം. ധാരാളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ശാസ്ത്രപഠന കേന്ദ്രങ്ങളും കേരളത്തിലുണ്ട്.അതിനാൽ തന്നെ കേരളത്തിലെ പുതു തലമുറ ശാസ്ത്ര പഠനത്തിൽ മുൻപന്തിയിലുമാണ്.ശാസ്ത്ര ബിരുദങ്ങൾ നേടി വരും ശാസ്ത്രവുമായി ബന്ധപ്പെട്ട മേഖലകളിൽ തൊഴിലെടുക്കുന്നവരുമായ അനവധി ആളുകൾ നമ്മുടെ നാട്ടിലുമുണ്ട്.എന്നിരുന്നാലും നമ്മുടെ സമൂഹത്തിൻറെ ശാസ്ത്ര ബോധം ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്ന വിധത്തിൽ ഉയർന്നിട്ടില്ല എന്ന് തെളിയിക്കുന്ന അനവധി സംഭവങ്ങൾ അടുത്തകാലങ്ങളിലായി നമ്മുടെ നാട്ടിൽ അരങ്ങേറിയിട്ടുണ്ട്.അന്ധവിശ്വാസങ്ങളും അതിൻറെ ഭാഗമായി നിലനിൽക്കുന്ന ആഭിചാരക്രിയകളും എന്തിനേറെ പറയുന്നു നര ബലികൾ പോലും നമ്മുടെ നാട്ടിൽ സംഭവിച്ചു.പ്രകൃതി പ്രതിഭാസങ്ങളെ ശാസ്ത്രീയമായി വിശദീകരിക്കാനും വ്യാജ പ്രചരണങ്ങളെ ചെറുക്കാനുമുള്ള ശേഷി ചെറുപ്പകാലത്ത് തന്നെ കുട്ടികളിൽ വളർന്നു വരേണ്ടതുണ്ട്.

മാനവ രാശിയുടെ പുരോഗതി എന്നും ശാസ്ത്രീയ ഗവേഷണങ്ങളുടെയും തൽഫലമായ രൂപപ്പെട്ട രീതിശാസ്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ഫലമായി ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണ്.അതിനാൽ തന്നെ ഗവേഷണ മേഖലയിലേക്ക് കൂടുതൽ കൂടുതൽ ആളുകൾ കടന്നുവരേണ്ടത് രാജ്യത്തിൻറെ പുരോഗതിക്കും പൗരന്മാരുടെ സുസ്ഥിതിക്കും അത്യാവശ്യമാണ്.



ഈ സാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്താനും ശാസ്ത്ര തല്പരത വർദ്ധിപ്പിക്കാനും തൽഫലമായി പ്രദേശത്തെ ജനങ്ങളിൽ ആകെ ശാസ്ത്ര ചിന്തകൾ ഉദ്ദീപിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ട് ഗവൺമെൻറ് യുപി സ്കൂൾ കരിങ്ങാരിയിൽ 2025 26 അധ്യയന വർഷത്തിൽ വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വീട്ടിൽ ഒരു ശാസ്ത്രജ്ഞൻ നാട്ടിൽ ആകെ ശാസ്ത്രജ്ഞർ

# ലക്ഷ്യ പ്രസ്താവന

പരീക്ഷണം നിരീക്ഷണം നിർമാണ പ്രവർത്തനങ്ങൾ നൂതനാശയങ്ങൾ കണ്ടെത്തൽ; പ്രയോഗതലത്തിലെത്തിക്കൽ, ശാസ്ത്രവും കലകളുമായി സംയോജിപ്പിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്തൽ എന്നിവയിലൂടെ ശാസ്ത്ര ബോധമുള്ള സമൂഹത്തെ വാർത്തെടുക്കാനായി ഒരു അക്കാദമിക വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.



# പ്രവർത്തന ക്രമം

ഏഴാംതരം വരെയുള്ള ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തുന്നു.

ക്ലാസുകളിലെ സയൻസ് കോർണറുകൾ സ്കൂളിലെ സയൻസ് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ എല്ലാവർക്കും പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്ത് അവതരിപ്പിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നു.

രക്ഷിതാക്കളുടെ സഹായത്തോടെ വീടുകളിൽ വെച്ച് ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും അവയുടെ വീഡിയോ ചിത്രീകരണം നടത്തുകയും സമൂഹസമ്പർക്കം മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക

ശാസ്ത്ര സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുക

പരിസരങ്ങളിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ചെലവ് കുറഞ്ഞ രീതിയിൽ പരീക്ഷണ ഉപകരണങ്ങളും പഠനോപകരണങ്ങളും രൂപപ്പെടുത്താനുള്ള പരിശീലനം നൽകുക.

നൂതനാശയങ്ങളിലേക്ക് കുട്ടികളെ നയിക്കുകയും പ്രായോഗിക പദ്ധതികളും മോഡലുകളും രൂപപ്പെടുത്താനുള്ള പ്രോത്സാഹനം നൽകുകയും ചെയ്യുക.

വിവിധ കലാരൂപങ്ങളുമായി ശാസ്ത്ര ആശയങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ആകർഷകമായ അവതരണങ്ങൾ നടത്തുക.

മികവ് പുലർത്തുന്ന കുട്ടി ശാസ്ത്രജ്ഞരെ കണ്ടെത്തുകയും വിവിധ മത്സരങ്ങളിലും സെമിനാറുകളിലും പങ്കെടുക്കാനുള്ള പ്രോത്സാഹനം നൽകുകയും ചെയ്യുക

പഠന ഉപകരണങ്ങളുടെ നിർമ്മാണം

വീട്ടിലെ പരീക്ഷണം

കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ ശാസ്ത്ര പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നു.പരീക്ഷണങ്ങൾ വീഡിയോ രൂപത്തിൽ ചിത്രീകരിച്ച്പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തുന്നു

ശാസ്ത്ര ലാബ് ഒരുക്കാം

പരിസരത്ത് ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ചു കൊണ്ട്ക്ലാസ് ലബോറട്ടറി വീട്ടിൽ ഒരു ലബോറട്ടറിഎന്നിവ സജ്ജമാക്കുന്നു

# ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1.ഏഴാം തരം വരെയുള്ള പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളുടെയും ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കുകയും നിർമാണ പ്രവർത്തനങ്ങളുടെ സാധ്യത തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുകയും ഈ വിവരങ്ങൾ ശാസ്ത്ര പഠന പ്രോത്സാഹനത്തിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി വിനിയോഗിക്കുകയും ചെയ്യുക.

2.ക്ലാസുകളിലെ ശാസ്ത്ര കോർണറുകൾ , വിദ്യാലയത്തിലെ ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ ശാസ്ത്ര ലാബുകൾ എന്നിവ ശക്തിപ്പെടുത്തുക.

3.ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകളുടെ പ്രചാരണവും പരിസരത്ത് തന്നെ ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് പരീക്ഷണ ഉപകരണങ്ങളും പഠനോപകരണങ്ങളും നിർമ്മിക്കുകയും ചെയ്യുക.

4.പ്രകൃതി പ്രതിഭാസങ്ങളെ ശാസ്ത്രീയമായും യുക്തിഭദ്രമായും വിശദീകരിക്കുന്നതിനുള്ള ശേഷി വളർത്തുക.

5.ശാസ്ത്രീയ തത്വങ്ങൾ കലകളുമായി സംയോജിപ്പിച്ച് അവതരിപ്പിക്കുന്ന അവസരങ്ങൾ സൃഷ്ടിക്കുക.

6.അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ എന്നിവയെയും അവമൂലം ഉണ്ടാകുന്ന സാമൂഹ്യ തിന്മകളെയും ചെറുക്കുക.

7.നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുകയും ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങളിലേക്ക് പുതു തലമുറയെ ആകർഷിക്കുകയും ചെയ്യുക.

8.ശാസ്ത്ര ഗവേഷണപരമായ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള താത്പര്യം വളർത്തുക.

9.അധ്യാപകരുടെ തൊഴിൽപരമായ മികവ് വർദ്ധിപ്പിക്കുക.

10.സമൂഹ സമ്പർക്ക മാധ്യമങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തുന്ന ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുക.

G.U.P.S. Karingari

# MASTER PLAN - ENGLISH 2025-26.

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| To encourage <u>Listening</u> and <u>Speaking</u>.<br>Introduce different different genres (fiction, non fiction poetry, stories).<br>Enhance vocabulary<br>Enhance listening skill. | • Interactive story telling sessions discussing themes, character and plots to enhance listening skills.<br>• Group discussions, role plays to improve speaking skills.<br>• Vocabulary games and exercises to build word knowledge. | June | English - Teachers. | English club |
| To encourage <u>Reading</u>.<br>Develop basic reading, writing, listening and Speaking skills.<br>Cultivate effective communication Skills for various contexts. | • Interactive reading circles;<br>Devides students into small groups and ~~paud~~ provide them with age appropriate texts, such as short stories or exerpts from novels.<br>• Each group reads the assigned texts together and discusses key elements like plot, characters and theme.<br>• Encourage students to take turns reading aloud and share their interpretations and reactions to the text.<br>• After discussions, each group presents a summary or analysis of their assigned text to the class. | July | English - Teachers | English club. |

| Aim | Activities | Month | Responsible person | Economic source. |
|---|---|---|---|---|
| | · Guided reading sessions with comprehension questions<br>· Listening comprehension exercises using audio stories.<br>· Debates and presentations for advanced speaking practice.<br>· Expanding vocabulary with contextual clues from passage. | August to December | English Teachers | English club. |
| To develop writing skills.<br><br>Introduce grammatical concepts such as parts of speech, tenses and sentence structure.<br><br>To develop basic grammar rules.<br><br>Expand vocabulary through reading and interactive activities. | · Improve sentence structure<br>· Practice simple creative writing tasks like descriptive paragraphs, short stories and simple poetry.<br>· Projects and research assignments to foster critical thinking.<br>· Focus on developing paragraphs and essays.<br><br>· Teach persuasive writing techniques and argumentations.<br>· Preparing and delivering speeches. | January to February | English Teachers | English club. |

| Aim | Activities | Month | Responsible person | Economic source. |
|---|---|---|---|---|
| Introduce different types of writing; Narrative (descriptive) persuasive etc. | · Listening to and analysing different media sources.<br>· Interactive grammer games structured grammar lessons with examples and practice exercises.<br>· Work sheets on parts of speech, punctuation and sentence types. | | english Teachers | english club. |
| Language games, puzzles and activities | · Integrate language games and activities to reinforce vocabulary, grammar and language skills in an engaging way.<br>For example, play word association games charades, or vocabulary bingo to practice new words and ~~practice~~ concepts. | Throughout the year | | |
| ~~et~~ Differentiation and Support. | · To create their own poems, stories, dictionary etc. and present it to the class.<br>· Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners. | | | English club |

| Aim | Activities | Months | Responsible person | Economic source. |
|---|---|---|---|---|
| | · Provide additional support and resources such as small group instruction, tutoring peer mentoring, and remedial programme to help struggling students and challenge advanced learners.<br>· offer oportunities for enrichment and extension activities to extend learning beyond the core curriculam and cater to students e interests and strengths. | Throughout the year. | English - Teachers | English club. |
| Assessment and feed back. | · Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targetted support for students with specific learning needs.<br>· Design a range of assessment tasks and tools to measure students 'language proficiency, comprehension and writing skills including formative and summatife assessments. | | English - Teachers | English club. |

| AIMS | ACTIVITIES | MONTH | PERSONS | SOURCE |
| --- | --- | --- | --- | --- |
| Parent Involvement | . Showcase students and parent's writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing. <br> . Encourage parents with expertise in english language teaching, literacy or language acquisition to share their knowledge and skill with students and teachers. <br> . Collaborate with parents to create English language learning materials, such as flash cards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher <br> English Teachers, PTA members and Parents. | English club. |

| | | | |
|---|---|---|---|
| ...ഗണിതത്തിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നല്കുന്നു. | 1. അടിസ്ഥാന ഗണിത ക്രിയകളെ കുറിച്ചുള്ള പഠിതാക്കളുടെ ഉറപ്പ് വരുത്തുന്നു. 2. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ... പിന്നീട് ആവശ്യത്തിന് | ഗണിത അധ്യാപകർ |
| 2. ഒറിഗാമി ശില്പശാല - ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നല്കൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | 1. സൂക്ഷ്മമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും. | വർഷത്തിൽ ഒരു പ്രാവിശ്യം | ഗണിത അധ്യാപകർ WE അധ്യാപിക |
| 3. ഗണിത പൂക്കളം ഗണിത പാഠങ്ങളുമായി ബന്ധപ്പെട്ട് പഠിച്ച ശേഷികൾ വിപുലപ്പെടുത്തി താല്പര്യമായ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഗണിത പൂക്കളം വരപ്പിച്ച് ഗണിതപൂക്കള പ്രദർശനം നടത്തുക. | 1 ഗണിതപാഠങ്ങൾ വരച്ച് അവയുടെ വിവിധ നിർമിതികളിലേയ്ക്ക് നയിക്കുന്നു. | ഓണത്തിന് | ഗണിത ക്ലബ്. |
| 4. ദിനാചരണം. Dec 22, മാർച്ച് 14 ദിനാചരണം ക്വിസ് | 1. ഗണിതശാസ്ത്ര അറിവുകൾ(GK) വർധിപ്പിക്കുന്നു. 2. ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നു. | Dec 22 March-14 | ഗണിത അധ്യാപകർ |

GUPS KARINGARI
ACADMIC MASTERPLAN 2025-26
HINDI (UP വിഭാഗം)

## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും, വായിക്കാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങൾ ലഭിച്ചുവെന്ന് ഉറപ്പിക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക.

| പ്രവർത്തനങ്ങൾ | കാലനിർണ്ണയം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| P തലത്തിലെ ല്ലാ കുട്ടികൾ ്കും അക്ഷരങ്ങ ം പദങ്ങളും റപ്പിക്കൽ. അക്ഷര ചാർട്ട് നിർമ്മാണം. | JUNE to August | 5, 6, 7 | ഹിന്ദി അധ്യാപകർ | ഹിന്ദി സുഗമമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക. |
| രിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപിക | പരിസര ശുചിത്വം, ഹരിത വിദ്യാലയം, സ്കൂൾ സൗന്ദര്യവൽക്കരണം, പ്രകൃതി സംരക്ഷണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് മനസ്സിലാക്കുക. |

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| വായനാദിനം, ഒന്നാം ക്ലാസ്സിൽ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5, 6, 7 | ഹിന്ദി അധ്യാപകർ | ഹിന്ദി വായനയെ പ്രോത്സാഹിപ്പിക്കുക. |
| ലഹരി വിരുദ്ധ ദിനം, ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുക. | ജൂൺ 26 | 5, 6, 7 | ഹിന്ദി അധ്യാപകർ | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുക. |
| പ്രേംചന്ദ് ജയന്തി | ജൂലൈ 31 | 5, 6, 7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ച് അറിയാനും ഹിന്ദിഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| ഹിന്ദി ദിനം, കുട്ടികളെക്കൊണ്ട് ഹിന്ദി പ്രതിജ്ഞ തയ്യാറാക്കുക. | സെപ്തംബർ 14 | 6, 7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസ്സിലാക്കുന്നു. |
| ഗാന്ധി ജയന്തി | ഒക്ടോബർ 2 | 5, 6, 7 | ഹിന്ദി അധ്യാപകർ, മറ്റ് അധ്യാപകർ, PTA, രക്ഷിതാക്കൾ, | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. രാഷ്ട്രപിതാവിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നു. |

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| ിശുദിനം | നവംബർ 14 | 5, 6, 7 | ഹിന്ദി അധ്യാപകർ | ചാച്ചാജിയെക്കുറിച്ച് അറിയാനും, ദേശസ്നേഹ വർധിപ്പിക്കാനും, പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷ വികസിപ്പിക്കാനും സാധിക്കുന്നു. |
| ിശ്വ ഹിന്ദി ിനം. ോസ്റ്റർ ിർമ്മാണം, ്രസംഗം | ജനുവരി 10 | 5, 6, 7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്ന |
| ിന്ദി ാടകോത്സവം കഥാവായന കഥാരചന അഭിനയ പരിശീലനം | 1 വർഷം | 5, 6, 7 | അധ്യാപകർ | ഭാഷാവിജ്ഞാനം വർധിപ്പിക്കാൻ സാധിക്കുന്നു. |

ലക്ഷ്യങ്ങൾ :-

* എല്ലാവർക്കും എഴുത്തും വായനയും
* വായനയുടെ വിവിധ തലങ്ങൾ പ്രയോജന
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പ്രാദേശിക ലൈബ്രറി ഉപയോഗം കാര്യക്ഷമമാക്കുക.
* സർഗാത്മകത വളർത്തുക.
* രചനാശില്പശാലകൾ സംഘടിപ്പിക്കുക.
* കൈയെഴുത്തു മാസിക/ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക.
* ഭാഷാപഠനത്തിൽ നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തുക

| പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1. അക്ഷര വെളിച്ചം എല്ലാ കുട്ടികൾക്കും എഴുത്തും വായനയും പരിപോഷിപ്പിക്കുന്ന പദ്ധതി. | ജൂൺ to മാർച്ച് | വായന കാർഡുകൾ, ചിത്രകഥകൾ, വർക്ക് ഷീറ്റുകൾ, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, കുട്ടികളുടെ രചനകൾ e-വായന | ഭാഷാധ്യാപകർ ചിലർ ഗ്രൂപ്പ് | P T A, SSK. |
| 2. പുസ്തക പരിചയം, റീഡിങ് തിയേറ്റർ. ക്ലാസിൽ, അസംബ്ലിയിൽ സ്കൂൾ സാഹിത്യസമാജങ്ങളിൽ | ജൂൺ to മാർച്ച് | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പ്രാദേശിക ലൈബ്രറി, കുട്ടികളുടെ രചനകൾ, പാഠപുസ്തകം, പ്രാദേശിക എഴുത്തുകാരുടെ രചനകൾ | ഭാഷാധ്യാപകർ ചിലർ ഗ്രൂപ്പ് വിദ്യാരംഗം കലാ സാഹിത്യവേദി. | P T A |

| | | | | |
|---|---|---|---|---|
| 3. വീട്ടിലൊരു ലൈബ്രറി<br>ക്ലാസ് ലൈബ്രറി പോലെ വീട്ടിലും ലഭ്യമായ പുസ്തകങ്ങൾ ഉപയോഗിച്ച് ലൈബ്രറി രൂപീകരിക്കുക. | ജൂൺ to മാർച്ച് | ബാലമാസികകൾ, മുൻക്ലാസുകളിലെ ടെക്സ്റ്റ് പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ (പത്രങ്ങൾ, മാസികകൾ, വാരികകൾ) | ഭാഷാധ്യാപകർ ക്ലാസധ്യാപകർ രക്ഷിതാക്കൾ | PTA |
| 4. തീമാറ്റിക് ലൈബ്രറി<br>വിവിധ വിഷയങ്ങളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും തിരഞ്ഞെടുത്ത് പഠന കാലയളവിൽ ക്ലാസുകളിൽ ക്രമീകരിക്കുക. | ജൂൺ to മാർച്ച് | സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ മാസികകൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മുൻപാഠപുസ്തകങ്ങൾ കുട്ടികളുടെ രചനകൾ, ലോക്കൽ ഹിസ്റ്ററികൾ. | അധ്യാപകർ രക്ഷിതാക്കൾ പിയർ ഗ്രൂപ്പ് കുട്ടികൾ | PTA, SSK |
| 5. രചനാ ശില്പശാല<br>ചിത്രം, കഥ, കവിത, ഉപന്യാസം, ലേഖനം, കാർട്ടൂൺ തുടങ്ങിയ രചനകൾ. ഏകദിനക്യാമ്പിൽ കുട്ടികൾക്കായി സംഘടിപ്പിക്കുക | ജൂലായ്. | പ്രാദേശിക എഴുത്തുകാർ, സാഹിത്യ പരിഷത്ത് പ്രവർത്തകർ എന്നിവരുടെ സേവനം. | വിദ്യാരംഗം കലാ സാഹിത്യവേദി | SSK, ഗ്രാമപഞ്ചായത്ത് |
| 6. കൈയെഴുത്തു മാസിക/ ഡിജിറ്റൽ മാഗസിൻ<br>ക്ലാസ്തല പ്രവർത്തനങ്ങളിലും ശില്പശാലകളിലും രൂപപ്പെടുന്ന സൃഷ്ടികൾ സമാഹരിച്ച് തയ്യാറാക്കുക. | ജൂലായ് to ഫെബ്രുവരി | ശില്പശാലകളിൽ നിന്നുള്ള ഉൽപന്നങ്ങൾ ഭാഷാക്ലാസുകളിൽ നിന്നുള്ള സൃഷ്ടികൾ, ദിനാചരണങ്ങളുടെ ഭാഗമായുണ്ടാകുന്ന ഉൽപന്നങ്ങൾ. | വിദ്യാരംഗം കലാ സാഹിത്യവേദി, ഭാഷാക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| 7. എഴുത്തുകൂട്ടം വായനക്കൂട്ടം ചിത്രാസ്വാദനം ക്ലാസിലും അസംബ്ലിയിലും. | ജൂൺ to മാർച്ച്. | ചിത്രങ്ങൾ, വിദഗ്ധരുടെ ക്ലാസുകൾ കുട്ടികളുടെ രചനകൾ | വിദ്യാരംഗം കലാ സാഹിത്യവേദി | PTA |
| 8. നവമാധ്യമങ്ങളിൽ ഭാഷാ രചനകൾ, അവതരണങ്ങൾ സ്കൂൾ വിക്കി, യൂട്യൂബ് ചാനൽ, FB page, ഇൻസ്റ്റഗ്രാം | ജൂൺ to മാർച്ച് | ക്ലാസിലെ മികവാർന്ന സൃഷ്ടികൾ, അവതരണങ്ങൾ, പ്രകടനങ്ങൾ എന്നിവ. | ഭാഷാദ്ധ്യാപകർ. | |
| 9. പഠനോത്സവം. | ഫെബ്രുവരി | പഠനപ്രവർത്തനങ്ങളുടെ ഉത്പന്നങ്ങൾ കുട്ടികളുടെ പ്രകടനങ്ങൾ, അവതരണങ്ങൾ | ഭാഷാദ്ധ്യാപകർ | PTA SSK. |
| | | | | |

പഠനലക്ഷ്യങ്ങൾ :- ഓരോ കുട്ടിയെ ഒരു യൂണിറ്റായി പരിഗണിക്കൽ.

: എല്ലാ പഠിതാക്കളെയും ഒരേ പോലെ അക്കാദമിക നിലവാരം ഉയർത്തൽ.

:- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാവരിലുമെത്തിക്കൽ.

:- പഠനനിലവാരം കുറഞ്ഞവരെയും മധ്യത്തിൽ നിൽക്കുന്നവരെയും ഉയർന്നു നിൽക്കുന്നവരെയും അവരുടെ തോതനുസരിച്ച് പഠനതന്ത്രങ്ങൾ ആവിഷ്കരിക്കൽ

:- വ്യത്യസ്ത അഭിരുചിയുള്ളവരെ കഴിവിനനുസരിച്ച് പഠനമേഖല ഉയർത്തൽ.

: പഠിതാക്കളെ സമൂഹത്തിന്റെ ഭാഗമാക്കൽ.

* പ്രവർത്തനങ്ങൾ ക്ലാസ്സിലെത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്

* ക്ലാസ്സിലെ മാസ്റ്റർ പ്ലാനിൽ എല്ലാത്തരം പഠിതാക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

* ചിലത് മാത്രം സൂചന നൽകുന്നു.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **കണ്ടറിയാനൊരു യാത്ര.** വിവിധതരം സസ്യങ്ങളിലെ ഇലകളിലെ വിന്യാസം, ക്രമീകരണം, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, വിവിധ ആവാസങ്ങൾ നിരീക്ഷിക്കൽ, പുഴയെ അറിയാൻ യാത്ര. തുടങ്ങിയവ. ജൈവ വൈവിധ്യ ഉദ്യാനം സംരക്ഷണം | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് |
| | | **പരീക്ഷണക്കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ നടത്തുന്നു. ശാസ്ത്രകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| ക്രിയാശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക, ശാസ്ത്രമനോഭാവം സൃഷ്ടിക്കുക | വും സംഘടിപ്പിക്കുക.<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കുക.<br>• മോഡലുകൾ തയ്യാറാക്കുക.<br>• ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>• ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് വായനാമൂല | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് |
| 4. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | • ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ എന്നിവ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |

| | | | |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ശാസ്ത്രാധ്യാപകർ. മറ്റ് വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു | • ലളിതമായ പരീക്ഷണങ്ങളിലൂടെ ആശയങ്ങൾ എത്തിക്കുന്നു.<br>• ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ കൂടെ പരമാവധി പങ്കാളിത്തം<br>• സഹകരണാത്മക പഠനം.<br>• ICT യുടെ ഉപയോഗ സഹായത്തോടുകൂടി താത്പര്യം ജനിപ്പിക്കുന്ന രീതിയിൽ ചിത്രങ്ങൾ വീഡിയോകൾ ഉപയോഗിച്ച് ശാസ്ത്രതത്വങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമികവർഷം | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| പരിസ്ഥിതിദിനം, | • പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ക്വിസ് മത്സരം.<br>• ജൈവവൈവിധ്യ ഉദ്യാനം സംരക്ഷണം. | ജൂൺ 5 | പരിസ്ഥിതി ക്ലബ്ബ് സയൻസ് ക്ലബ്ബ് |
| ദേശീയ ശാസ്ത്രദിനം. | • ശാസ്ത്രദിനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ.<br>• തീം അനുസരിച്ചുള്ള പ്രദർശനങ്ങൾ<br>• ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ | ഫെബ്രുവരി 28. | സയൻസ് ക്ലബ്ബ്, ശാസ്ത്രാധ്യാപകർ |
| ചാന്ദ്രദിനം | • ചന്ദ്രനിലേക്കൊരു സാങ്കല്പിക യാത്ര<br>• ക്വിസ് മത്സരം<br>• റോക്കറ്റ് നിർമ്മാണം.<br>• ചാന്ദ്രദിന പതിപ്പ് | ജൂലൈ 21 | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ |